## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2325. 13.02.2013 ൽ മറുപടിയ്ക്ക്

**ഡീസൽ സബ്സിഡി റദ്ദാക്കിയതിന് ശേഷം പ്രൈവറ്റ് ബസ്സുകൾക്ക് നല്കിയ പെർമിറ്റ്**

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) കെ.എസ്.ആർ.ടി.സി.യുടെ ഡീസൽ സബ്ഡിഡി റദ്ദാക്കിയതിന് ശേഷം നാളിതുവരെ എത്ര പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ; | (എ) | എറണാകുളം ജില്ലയിൽ മാത്രം രണ്ട് പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നല്കിയിട്ടുണ്ട്. ഡീസൽ സബ്സിഡി റദ്ദാക്കുന്നതിന് മുൻപ് നടന്ന റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി യോഗത്തിലാണ് ഇതിന് തീരുമാനം എടുത്തിരുന്നത്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തവണ ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചെന്നും ഏതൊക്കെ തലങ്ങളിൽ എത്ര തുകയാണ് വർദ്ധിപ്പിച്ചതെന്നും വിശദമാക്കുമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 06/08/2011 ലെ G.O.(P).No.45/2011/ഗതാഗതം, 12.08.2011-ലെ G.O.(P).No. 49/2011/ഗതാഗതം എന്നീ വിജ്ഞാപനങ്ങൾ പ്രകാരം ഓർഡിനറി /മൊഫ്യൂസൽ സർവ്വീസ്, ഫാസ്റ്റ് പാസഞ്ചർ / ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് എന്നിവയുടെ യാത്രാനിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ടും സൂപ്പർഫാസ്റ്റിന്റെ നിലവിലുണ്ടായിരുന്ന മിനിമം ചാർജ്ജായ 10 രൂപയ്ക്ക് 10 കി.മീ.ന്റെ ഒരു ഫെയർസ്റ്റേജ് നിർണ്ണയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിനുശേഷം 09/11/2012 ലെ G.O.(P) No.65/2012/Tran വിജ്ഞാപന പ്രകാരം എല്ലാത്തരം സർവ്വീസുകളുടേയും ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകൾ പ്രകാരം നിലവിൽ വന്ന യാത്രാനിരക്കുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| ഇനം | 06/08/2011 തീയതിയിലെ G.O. (P) No.45/2011/Tran പ്രകാരമുള്ള നിരക്കുകൾ | | 09/11/2012 തീയതിയിലെ G.O. (P) No.65/2012/Tran പ്രകാരമുള്ള നിരക്കുകൾ | |
|---|---|---|---|---|
| | മിനിമം ചാർജ്ജ് (രൂപ) | കി.മീ. നിരക്ക് (പൈസ/കി .മീ). | മിനിമം ചാർജ്ജ് (രൂപ) | കി.മീ. നിരക്ക് (പൈസ/കി.മീ). |
| ഓർഡിനറി / മൊഫ്യൂസൽ സർവ്വീസുകൾ | 5 (5.കി.മീ.വരെ) | 55 | 6 (5.കി.മീ.വരെ) | 58 |
| ഫാസ്റ്റ് പാസഞ്ചർ / ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ / സിറ്റി ഫാസ്റ്റ് | 7 | 57 | 8 | 62 |
| സൂപ്പർ ഫാസ്റ്റ് | 10 | 60 | 12 | 65 |
| സൂപ്പർ എക്സ് പ്രസ് | മിനിമംചാർജ്ജ് വർദ്ധിപ്പിച്ചില്ല | കി.മീ. നിരക്ക് വർദ്ധിപ്പിച്ചില്ല | 17 | 70 |
| സൂപ്പർ ഡീലക്സ് / സെമി സ്ലീപ്പർ സർവ്വീസുകൾ | മിനിമംചാർജ്ജ് വർദ്ധിപ്പിച്ചില്ല | കി.മീ. നിരക്ക് വർദ്ധിപ്പിച്ചില്ല | 25 | 80 |
| ലക്ഷ്വറി/ഹൈടെക്/ എയർകണ്ടീഷൻഡ് സർവ്വീസുകൾ | മിനിമംചാർജ്ജ് വർദ്ധിപ്പിച്ചില്ല | കി.മീ. നിരക്ക് വർദ്ധിപ്പിച്ചില്ല | 35 | 100 |
| വോൾവോ | മിനിമംചാർജ്ജ് വർദ്ധിപ്പിച്ചില്ല | കി.മീ. നിരക്ക് വർദ്ധിപ്പിച്ചില്ല | 35 | 120 |

സെക്ഷൻ ഓഫീസർ